കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്ത് - 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.2 – സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.2821/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 16/11/2013

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 26/03/2013-ലെ എം3-8350/13 നമ്പർ കത്ത്.

2) 27/09/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്./പിറ്റി3/9290/13 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 പ്രകാരം, സമഗ്ര തെങ്ങ് കൃഷി വികസനം എന്ന പ്രോജക്ടിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് 27,513/- രൂപ സബ്സിഡി അനുവദിച്ചത് ഓഡിറ്റ് നിരാകരിച്ചിരുന്നു.

ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ 2008-09 വർഷത്തിൽ ഡിപിസി അംഗീകാരം ലഭിച്ച് പദ്ധതി നിർവ്വഹണം ആരംഭിച്ച ഘട്ടത്തിലാണ് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഗ്രാമവികസന പ്രവർത്തനങ്ങൾ ചെയ്യുവാൻ നിർദ്ദേശം വന്നതെന്നും കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഫണ്ട് ദുരുപയോഗമോ സാമ്പത്തിക നഷ്ടമോ വരുത്തിയിട്ടില്ലെന്നും ആയതിനാൽ തടസ്സം ഒഴിവാക്കണമെന്നും അപേക്ഷിച്ചുകൊണ്ടുള്ള 22/10/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 146/12-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും പ്രസ്തുത ചെലവിന് സാധൂകരണം നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്

ടി വിഷയം സംബന്ധിച്ച് പരാമർശം രണ്ട് പ്രകാരം ലോക്കൽ ഫണ്ട് ഓ്ഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ തെങ്ങുകൾക്ക് തടമെടുക്കുന്ന പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച് പദ്ധതി നിർവ്വഹണം ആരംഭിച്ച ഘട്ടത്തിലാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂവികസന പ്രവർത്തനങ്ങൾ ചെയ്യാൻ നിർദ്ദേശം വന്നതെന്നും, മാനദണ്ഡങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്നും, പഞ്ചായത്തിനോ സർക്കാരിനോ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയുടെയും ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയുടെയും അടിസ്ഥാനത്തിൽ ഖണ്ഡിക 3-2 -ലെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 -ൽ തടസ്സപ്പെടുത്തിയ 27,513/- (ഇരുപത്തിയേഴായിരത്തി അഞ്ഞൂറ്റി പതിമൂന്ന് രൂപ മാത്രം) രൂപ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം.എസ്. റഷീദ,
അണ്ടർ സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ